REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 30-11-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- ഭുവനേശ്വറിൽ സംസ്ഥാന പൊലീസ് DGP മാരുടെയും, IG മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും പങ്കെടുക്കും.
- സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ സംവിധാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു.
- തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് ഉച്ച കഴിഞ്ഞ് പുതുച്ചേരിക്ക് സമീപം തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അൽപ സമയത്തിനകം ആരംഭിക്കും.
- ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

ഭുവനേശ്വറിൽ ഇന്നലെ ആരംഭിച്ച സംസ്ഥാന പൊലീസ് DGP മാരുടെയും, IG മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും പങ്കെടുക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ യാണ് മൂന്ന് ദിവസത്തെ സമ്മേളനം ഉദ്ഘാടനം ചെയ്തത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

രാജ്യത്തെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്കും സുരക്ഷാ അഡ്മിനിസ്ട്രേറ്റർമാർക്കും ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾക്കൊപ്പം രാജ്യത്ത് പോലീസ് നേരിടുന്ന വിവിധ പ്രവർത്തന, അടിസ്ഥാന സൗകര്യ, ക്ഷേമപ്രശ്നങ്ങൾ സ്വതന്ത്രമായി ചർച്ച ചെയ്യുന്നതിനും സംവാദം നടത്തുന്നതിനും വേദിയൊരുക്കുന്നതാണ് സമ്മേളനം.

ദേശീയ സുരക്ഷ, തീവ്രവാദം, ഇടതുപക്ഷ തീവ്രവാദം, തീര സുരക്ഷ, പുതിയ ക്രിമിനൽ നിയമങ്ങൾ, മയക്കുമരുന്ന് തുടങ്ങിയവയാണ് സമ്മേളനം ചർച്ച ചെയ്യുന്നത്. വിശിഷ്ട സേവനത്തിനു രാഷ്ട്രപതിയുടെ പോലീസ് മെഡൽ സമ്മേളനത്തിൽ സമ്മാനിക്കും.

പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ദേശീയ സുരക്ഷാ ഉപദേഷ്ടാവ്, സംസ്ഥാന ആഭ്യന്തര മന്ത്രിമാർ, സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണപ്രദേശങ്ങളിലെയും ഡിജിപി മാർ, കേന്ദ്ര പോലീസ് ഓർഗനൈസേഷൻ മേധാവികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കോൺഗ്രസ് പ്രവർത്തക സമിതി ന്യൂഡൽഹിയിൽ യോഗം ചേർന്ന് നിലവിലെ രാഷ്ട്രീയ സാഹചര്യം ചർച്ച ചെയ്തു. അടുത്തിടെ നടന്ന നിയമസഭാ തിരഞ്ഞെടുപ്പുകളുൾപ്പെടെ യോഗം വിശദമായി ചർച്ച ചെയ്തുവെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ മാധ്യമങ്ങളെ അറിയിച്ചു.

പാർട്ടിയുടെ തിരഞ്ഞെടുപ്പ് പ്രകടനവും ബ്ലോക്കുകളിലും ജില്ലകളിലും സംഘടനാപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിക്കാൻ ആഭ്യന്തര സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായതിന്റെ 100-ാം വാർഷികം ഡിസംബറിൽ ബെലഗാവിയിൽ ആഘോഷിക്കാനും പാർട്ടി തീരുമാനിച്ചു.

തിരഞ്ഞെടുപ്പ് ഫലങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് സംഘടനാ തലത്തിലെ എല്ലാ പോരായ്മകളും തിരുത്തേണ്ടത് ആവശ്യമാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ യോഗത്തിൽ പറഞ്ഞു. കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, പി ചിദംബരം എന്നിവരും പ്രവർത്തക സമിതി യോഗത്തിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ സംവിധാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. പ്രായമായവർ, രോഗത്തിന്റെ ഭാഗമായി കിടപ്പിലായവർ എന്നിവരെ ഉൾക്കൊള്ളുന്ന പദ്ധതിയാണ് നടപ്പാക്കുകയെന്ന് മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശ ഭരണ വകുപ്പാണ് പദ്ധതിക്ക് നേതൃത്വം വഹിക്കുക. പാലിയേറ്റീവ് പരിചരണം ആവശ്യം വരുന്ന ആരും ഒഴിവാകാൻ പാടില്ലെന്നും APL, BPL വ്യത്യാസം ഉണ്ടാവരുതെന്നും മുഖ്യമന്ത്രി പറഞ്ഞു.

എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും ഒരുമിപ്പിക്കുന്നതിന് രൂപരേഖ തയ്യാറാക്കാൻ ചീഫ് സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി. ജില്ലാ കലക്ടറും പ്രദേശിക തലങ്ങളിൽ തദ്ദേശസ്ഥാപന മേധാവികളും നേതൃത്വം വഹിക്കണം.

ഇത്തരം സ്ഥാപനങ്ങളുടെയും വളണ്ടിയർമാരുടെയും രജിസ്ട്രേഷൻ തദ്ദേശ ഭരണ തലത്തിൽ നടത്തും.

✪✪✪

മാനവ ശേഷി കേരളത്തിന്റെ ഏറ്റവും വലിയ ശക്തിയാണെന്ന് മന്ത്രി P രാജീവ് അഭിപ്രായപ്പെട്ടു. യുവ സംരംഭകർ സംസ്ഥാനത്തു തന്നെ സംരംഭങ്ങൾ വികസിപ്പിക്കണമെന്നും അവർക്ക് എല്ലാ സൗകര്യങ്ങളും നൽകുമെന്നും മന്ത്രി പറഞ്ഞു. കേരള സ്റ്റാർട്ടപ്പ് മിഷൻ കോവളത്ത് സംഘടിപ്പിച്ച ഹഡിൽ ഗ്ലോബൽ സ്റ്റാർട്ടപ്പ് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ 50 - ാം സ്ഥാനത്തായിരുന്ന കേരളം ഇന്ന് രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തി നിൽക്കുന്നുവെന്നത് അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ചെറുകിട സംരംഭകരുടെ ഉത്പന്ന പ്രദർശന വിപണനമേള തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് മന്ത്രി P രാജീവ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ മേഖലയിലെ അൻപതോളം ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങളാണ് അനന്തപുരി MSME ഉത്സവ് 2024 മേളയിൽ പ്രദർശിപ്പിക്കുന്നത്.

ചൊവ്വാഴ്ച വരെ രാവിലെ 10 മുതൽ വൈകിട്ട് എട്ട് വരെയാണ് പ്രദർശനം.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിലെ വോട്ടർമാരോട് നന്ദി പറയാൻ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് M.P പ്രിയങ്ക ഗാന്ധിയും ഇന്ന് മണ്ഡലത്തിലെത്തും. രാവിലെ കരിപ്പൂർ വിമാനത്താവളത്തിൽ എത്തുന്ന

ഇവർ, ഉച്ചയ്ക്ക് മുക്കത്ത് നടക്കുന്ന പൊതുസമ്മേളത്തിൽ പങ്കെടുക്കും. ഉച്ചകഴിഞ്ഞ് കരുളായിയിലും തുടർന്ന് വണ്ടൂരിലും വൈകിട്ട് എടവണ്ണയിലും പ്രിയങ്ക ഗാന്ധി സ്വീകരണ സമ്മേളനങ്ങളിൽ പങ്കെടുക്കും.

നാളെ മാനന്തവാടിയിലെയും, സുൽത്താൻ ബത്തേരിയിലെയും, കല്പറ്റയിലെയും സ്വീകരണ പരിപാടികളിലാണ് പ്രിയങ്ക ഗാന്ധി പങ്കെടുക്കുന്നത്.

✪✪✪

വിദ്യാർഥികൾ പുത്തനറിവുകൾ നേടി അതിലൂടെ സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം കണ്ടെത്തണമെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവൺമെന്റ് എൻജിനീയറിങ് കോളേജ് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പ്രവാസി സംഘടനകൾ പ്രവാസികൾക്ക് ഏറെ ഗുണപരമായ കാര്യങ്ങൾ ചെയ്യുന്നവരാണെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. കോഴിക്കോട് ഇൻഡോ - അറബ് കോൺഫെഡറേഷൻ സംഘടിപ്പിച്ച UAE ദേശീയ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസ രംഗത്ത് മിഷനറിമാരുടെ സേവനം ഏറ്റവുമധികം ലഭിച്ചതും മലബാർ പ്രദേശത്താണെന്നും മന്ത്രി പറഞ്ഞു.

✪✪✪

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് ഉച്ച കഴിഞ്ഞ് പുതുച്ചേരിക്ക് സമീപം മഹാബലിപുരത്തിനും കാരയ്ക്കലിനുമിടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 90 കിലോമീറ്റർ വരെ വേഗത്തിലായിരിക്കും ചുഴലിക്കാറ്റ് കരയിൽ പ്രവേശിക്കുകയെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ ഇന്നത്തെ തമിഴ്നാട്ടിലെ പരിപാടികൾ റദ്ദാക്കി. ചെന്നൈ സെൻട്രൽ സർവകലാശാലയിൽ ബിരുദദാന ചടങ്ങിൽ പങ്കെടുക്കാനാണ് രാഷ്ട്രപതി തമിഴ്നാട്ടിൽ എത്താനിരുന്നത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്).....

തമിഴ് നാട്ടിലെ വിവിധ ഭാഗങ്ങളിൽ ഇന്ന് കനത്ത കാറ്റു വീശുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി. 20 സെന്റീമീറ്ററിലധികം മഴ ലഭിക്കാനും സാധ്യതയുണ്ട്. ഏതു സാഹചര്യവും നേരിടാൻ കോസ്റ്റ് ഗാർഡിനെ സജ്ജമാക്കി. ചുഴിക്കാറ്റ് പുതുച്ചേരിയിലെ വടക്കൻ ജില്ലകളിൽ

നാശം വിതയ്ക്കാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ജനങ്ങളോട് വീടിന് പുറത്തിറങ്ങാതിരിക്കാനും നിർദ്ദേശം നൽകി. പുതുച്ചേരി ഗവൺമെന്റ് ജില്ലാ അധികാരികൾക്ക് ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽ 9 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

ചെന്നൈ അടക്കം ആറു ജില്ലകളിലെ സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

തെക്കൻ കേരള തീരത്ത് ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി. നാളെ മുതൽ മൂന്ന് ദിവസം കേരള- ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യത കണക്കിലെടുത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അൽപ സമയത്തിനകം ആരംഭിക്കും. നാവിക സേന മേധാവി അഡ്മിറൽ ദിനേശ് കെ.ത്രിപാഠി മുഖ്യാതിഥിയായി പങ്കെടുത്ത് പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

....(വോയ്സ്).......

✪✪✪

സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിലെ അക്കാദമികൾക്കും ഹോസ്റ്റലുകൾക്കും മെസ് തുകയുടെ കുടിശ്ശിക നൽകുന്നതിന് മൂന്ന് കോടി രൂപ അനുവദിച്ചതായി മന്ത്രി V അബ്ദു റഹിമാൻ അറിയിച്ചു. തുക അടുത്ത ആഴ്ച വിതരണം ചെയ്തു തുടങ്ങും.

**2,500 ഓളം കുട്ടികളാണ് കൗൺസിലിനു കീഴിൽ പരിശീലനം നടത്തുന്നത്.**

✪✪✪

**ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ പരാജയപ്പെടുത്തി. കൊൽക്കത്തയിൽ എതിരില്ലാത്ത ഒരു ഗോളിനാണ് ഈസ്റ്റ് ബംഗാളിന്റെ ജയം.**

**ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ആദ്യ മത്സരത്തിൽ വൈകിട്ട് 5 ന് മുംബൈയിൽ മുംബൈ സിറ്റി FC ഹൈദരാബാദ് FC യെ നേരിടും. രണ്ടാം മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിൽ ചെന്നൈയിൻ FC യും മോഹൻ ബഗാനും ഏറ്റുമുട്ടും.**

✪✪✪

**ഐ ലീഗ് ഫുട്ബോളിലെ എവേ മത്സരത്തിൽ ഗോകുലം കേരള FC റിയൽ കാശ്മീർ FC മത്സരം സമനിലയിൽ പിരിഞ്ഞു. ശ്രീനഗറിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.**

**കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ചൊവ്വാഴ്ച നടക്കുന്ന അടുത്ത മത്സരത്തിൽ ഗോകുലം കേരള FC, ഐസ്വാൾ FCയെ നേരിടും.**

✪✪✪

**അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്താനെ നേരിടും. ദുബൈയിൽ ഇന്ത്യൻ സമയം രാവിലെ പത്തരക്കാണ് മത്സരം. മുഹമ്മദ് അമാനാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. ഷാർജയിൽ ഇന്ന് രണ്ടാം മത്സരത്തിൽ UAE യെ, ജപ്പാനുമായി ഏറ്റുമുട്ടും.**

✪✪✪

**പിങ്ക് ബോൾ സന്നാഹ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യൻ സീനിയർ പുരുഷ ക്രിക്കറ്റ് ടീം ഇന്ന് ഓസ്ട്രേലിയ പ്രൈം മിനിസ്റ്റേഴ്സ് ഇലവനെ നേരിടും. ഓസ്ട്രേലിയയിലെ മനുക ഓവലിൽ നടക്കുന്ന മത്സരം ഇന്ത്യൻ സമയം രാവിലെ 9.10നാണ് ആരംഭിക്കുന്നത്. ഇത് നാലാം തവണയാണ് ഇന്ത്യ , ഓസ്ട്രേലിയ പ്രൈം മിനിസ്റ്റേഴ്സ് ഇലവനുമായി ഏറ്റുമുട്ടുന്നത്.**

✪✪✪

**ലക്നൗവിൽ സെയ്ദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിതാ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ PV സിന്ധു സെമിയിൽ കടന്നു. ചൈനീസ് താരം ദായ് വാങ്ങിനെയാണ് സിന്ധു പരാജയപ്പെടുത്തിയത്.**

**പുരുഷ സിംഗിൾസിൽ ലക്ഷ്യാ സെൻ, പ്രിയാൻഷു രജാവത്ത് എന്നിവരും വിജയത്തോടെ അവസാന നാലിലെത്തി.**

✪✪✪

വികസിത് ഭാരത് യുവ നേത്ര് സംഗമത്തിന്റെ ഭാഗമായി ഈ മാസം 25 ന് ആരംഭിച്ച വികസിത് ഭാരത് ക്വിസ് മത്സരം അടുത്ത മാസം അഞ്ച് വരെ മൈ ഭാരത് പ്ലാറ്റഫോമിൽ തുടരും. ഡിജിറ്റൽ ക്വിസിൽ 15 മുതൽ 29 വയസ്സുവരെ പ്രായക്കാർക്ക് പങ്കെടുക്കാം. നാഷണൽ യൂത്ത് ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് ജനുവരി 11 ,12 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും.

യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരിട്ട് സംവദിക്കാനും ഇന്ത്യയുടെ ഭാവിയെക്കുറിച്ചു ആശയങ്ങൾ അവതരിപ്പിക്കാനും അവസരം വികസിത് ഭാരത് യുവ നേതൃ സംഗമത്തിൽ ലഭിക്കും.

✪✪✪